HGH INDIA 2018 SM
HOME DECOR ▪▪▪ GIFTS ▪▪▪ HOUSEWARE

**Post-show Report**

A TEXZONE Event

## ബിസിനസ്സുകൾക്ക് ഒരു ഗാർഹിക പ്രതീതി!

### എച് ജി എച് ഇന്ത്യ 2018

# കൂടുതൽ പുതുമകളും കൂടുതൽ ബിസിനസ്സുകളും കൊണ്ടുവരുന്നു

വിജയകരമായ ഏഴാമത്തെ പതിപ്പോടെ, ഗൃഹതുണിത്തരങ്ങൾ, വീട്ടലങ്കാരങ്ങൾ, വീട്ടുപകരണങ്ങൾ, പാരിതോഷികങ്ങൾ എന്നിവയുടെ കാര്യക്ഷമവും പ്രചോദനാത്മകവുമായ ട്രേഡ് ഷോ എന്ന നിലയിൽ എച് ജി എച് ഇന്ത്യ, ഇന്ത്യൻ വിപണിയിൽ വ്യക്തമായ ലക്ഷ്യവുമായി ഒരിയ്ക്കൽകൂടി അതിന്റെ മുദ്ര പതിപ്പിച്ചുകഴിഞ്ഞു. പ്രദർശകരും സന്ദർശകരും അവരുടെ ബിസിനസ്സിന്റെ അഭിവൃദ്ധിയുമായി ബന്ധപ്പെട്ട് നിലവിലെയും ഭാവിയിലെയും പുതിയ പങ്കാളികളെ കണ്ടുമുട്ടാനുള്ള അവസരത്തിൽ സന്തുഷ്ടരാണ്. പ്രദർശകരുടെ എണ്ണം 20% ആയും വിൽപനക്കാരായ സന്ദർശകരുടെ എണ്ണം 14% ആയും വർദ്ധിച്ചു. പ്രദർശകർ അവതരിപ്പിച്ച ഉൽപന്നങ്ങളുടെ ഗുണമേൻമ, അവർക്ക് ഈ ട്രേഡ് ഷോവിന്റെ പ്രാധാന്യത്തെ സാധൂകരിക്കുംവിധം ഉന്നത നിലവാരം പുലർത്തുന്നതായിരുന്നു.

ഈ വർഷത്തെ എച് ജി എച് ഇന്ത്യയുടെ പ്രധാന സവിശേഷത ഉൽപന്ന വിഭാഗങ്ങളെ അടിസ്ഥാനമാക്കി മൂന്ന് ഹാളുകൾ അനുവദിച്ചു എന്നതാണ്. ഹോം ടെക്സ്റ്റൈലുകൾ ഹാൾ 1 ലും, വീട്ടലങ്കാരങ്ങളും പാരിതോഷികങ്ങളും ഹാൾ 2 ലും, വീട്ടുപകരണങ്ങളും സമ്മാനങ്ങളും ഹാൾ 3 ലുമായി ക്രമീകരിച്ചു. സന്ദർശകരും പ്രദർശകരും ഈ ക്രമീകരണം ഒരുപോലെ സ്വാഗതം ചെയ്തു കാരണം തങ്ങളുടെ അതാത് ഉദ്ദിഷ്ട ഉൽപന്നങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനും സമയം ചിലവഴിക്കാനും ഇതുവഴി അവർക്ക് സാധിച്ചു. എച് ജി എച് ഇന്ത്യയിൽ വീട്ടുപകരണങ്ങൾക്കും വീട്ടലങ്കാര വസ്തുക്കൾക്കും കൂടുതൽ സവിശേഷമായ തനിമയും ദൃശ്യതയും പകർന്നുനൽകിക്കൊണ്ട് പ്രസ്തുത ഉൽപന്നവിഭാഗങ്ങളെ അത് പ്രത്യേകമായും സഹായിച്ചു.

ലോകോത്തര നിലവാരമുള്ള, അവഗണിക്കാനാവാത്ത, പുതിയ ദിശാമുഖം നൽകുന്ന, പരിണിതഫലത്തെ അടിസ്ഥാനമാക്കിയുള്ള ട്രേഡ് ഷോ എന്നിങ്ങനെയുള്ള സ്വന്തം നിലപാടുകൾക്ക് ഊന്നൽ നൽകിക്കൊണ്ട് എച് ജി എച് ഇന്ത്യ 2018 അതിന്റെ പ്രദർശകരെ ഇന്ത്യയിലെ എല്ലാ ഗൃഹോൽപന്ന വിഭാഗങ്ങളിലെയും വിൽപനക്കാർ, വിതരണക്കാർ, ഇറക്കുമതിക്കാർ, മൊത്തവ്യാപാരികൾ, ഇന്റീരിയർ ഡിസൈനർമാർ, സ്ഥാപനസംബന്ധമായ ഉപഭോക്താക്കൾ, വ്യാപാര ഉപഭോക്താക്കൾ എന്നിവരുമായി ഫലപ്രദമായി കൂട്ടിയിണക്കി.

തുടർച്ചയായ ഏഴാമത്തെ വർഷവും രാജ്യത്തിനകത്തും പുറത്തുമുള്ള പ്രദർശകരുടെയും അതുപോലെ വിൽപനക്കാരായ സന്ദർശകരുടെയും എണ്ണത്തിലെ വർദ്ധനവിലൂടെ എച് ജി എച് ഇന്ത്യ 2018, ഹോം ടെക്സ്റ്റൈൽസ്, ഹോം ഡെക്കർ, ഹൗസ് വെയർ, ഗിഫ്റ്റ് വിഭാഗങ്ങൾ എന്നീ മേഖലകളിൽ അതിന്റെ മേൽക്കോയ്മ അരക്കിട്ടുറപ്പിച്ചു.

ഗാർഹികവും രാജ്യാന്തരവുമായ ഉൽപാദകർ, ബ്രാൻഡുകൾ, ഇറക്കുമതിക്കാർ, കയറ്റുമതിക്കാർ എന്നിവർക്കിടയിലെ വ്യാപാരത്തെ പ്രോത്സാഹിപ്പിക്കാനുള്ള ഒരു നിർണ്ണായക








സമിതിയായി ട്രേഡ് ഷോ തുടർന്നും നിലകൊള്ളും. ഇന്ത്യൻ ഗാർഹിക ഉൽപന്നങ്ങൾക്കുള്ള ആഭ്യന്തര വിപണിയുടെ ഉന്നമനത്തിന്റെ പ്രേരകമായി വർത്തിക്കുന്നതിന്റെ പേരിൽ എച് ജി എച് ഇന്ത്യ ഇന്ന് ഇന്ത്യ ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് ടെക്സ്റ്റൈൽസ്, ഗവൺമെന്റ് ഓഫ് മഹാരാഷ്ട്ര സ്റ്റേറ്റ് എന്നിവർക്കിടയിൽ ഏറെ അംഗീകരിക്കപ്പെട്ടിരിക്കുന്നു

## ആവേശഭരിതരായ സന്ദർശകർ

ഡിപ്പാർട്ടുമെന്റ് സ്റ്റോറുകൾ, ഹൈപ്പർ മാർക്കറ്റുകൾ, സ്പെഷ്യാലിറ്റി സ്റ്റോറുകൾ, ഓൺലൈൻ റീട്ടെയ്ലർമാർ, പരമ്പരാഗത റീട്ടെയിലർമാർ, ഫ്രാഞ്ചൈസികൾ, ഇറക്കുമതിക്കാർ, വിതരണക്കാർ, മൊത്തവ്യാപാരികൾ, സ്ഥാപനസംബന്ധമായ ഉപഭോക്താക്കൾ, കോർപറേറ്റ് ഗിഫ്റ്റ് ഉപഭോക്താക്കൾ, ഇന്റീരിയർ ഡിസൈനർമാർ എന്നിവർ ഉൾപ്പെടെ ഇന്ത്യയിലെമ്പാടുമുള്ള 480 നഗരങ്ങളിൽനിന്നും പട്ടണങ്ങളിൽനിന്നുമുള്ള ഇന്ത്യയിലെ ഏറ്റവും മികച്ച വ്യാപാരികൾക്കിടയിൽനിന്ന് 34,960 കാര്യനിർവ്വാഹകർ എച് ജി എച് ഇന്ത്യ 2018 സന്ദർശിച്ചു, രജിസ്ട്രേഷനിൽ കഴിഞ്ഞ വർഷത്തേക്കാൾ 14% വർദ്ധനവ് ഉണ്ടായി.

ഇന്ത്യൻ സോഴ്സിംങ്ങ് സീസൺ, നൂതന ഉൽപന്നങ്ങൾ, ഉയർന്ന ഗുണമേൻമയുള്ള ബിസിനസ്സ് അന്തരീക്ഷം, വളരെ നന്നായി ഗവേഷണം ചെയ്ത ഫാഷൻ പ്രവണതകൾ, ക്രമീകൃതമായ സേവനങ്ങൾ, ഇന്ത്യൻ വിപണിയിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള സാദ്ധ്യത എന്നിവയാണ് കച്ചവട സന്ദർശകരെയും

# ഹോം ടെക്സ്റ്റൈൽസ്, ഹോം ഡെക്കർ, ഹൗസ് വെയർ, ഗിഫ്ടുകൾ എന്നിവയെക്കുറിച്ച് ഉപരിവീക്ഷണം നൽകി

പ്രദർശകരെയും തുടർച്ചയായി ഇതിൽ പങ്കുകൊള്ളുവാനും എച് ജി എച് സന്ദർശിക്കുവാനും പ്രേരിപ്പിക്കുന്ന ചില പ്രധാന കാരണങ്ങളിലൊന്ന്.

ഒരു എക്സിറ്റ് പോളിൽ, ഒരുപാട് സന്ദർശകർ പുതിയ ഉൽപന്നങ്ങൾ, കൂടുതൽ പ്രദർശകർ, നൂതന സൗകര്യങ്ങൾ, പ്രചോദനാത്മകമായ നവീന ബിസിനസ്സ് ആശയങ്ങൾ എന്നിവയിലൂടെ ഓരോരോവർഷവും തങ്ങളെ വിസ്മയിപ്പിക്കാനുള്ള എച് ജി എചിന്റെ കഴിവിൽ അത്ഭുതം പ്രകടിപ്പിച്ചിട്ടുണ്ട്.

മുൻ പ്രദർശകരിൽ 80% പേരും അതുപോലെ മുൻ സന്ദർശകരിൽ 90% പേരും എച് ജി എച് ഇന്ത്യ 2018 ൽ തിരികെ വീണ്ടും വരികയുണ്ടായി, വിൽപനക്കാർക്കും ഗുണഭോക്താക്കൾക്കും ഒരുപോലെ ലഭ്യമാകുന്ന പ്രാധാന്യമാണ് ഇത് പ്രതിഫലിപ്പിക്കുന്നത്.


## പ്രദർശകരിലെ വർദ്ധനവ്


സർവ്വോപരി, പ്രദർശകരുടെ എണ്ണം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 20% വർദ്ധിച്ചിട്ടുണ്ട് അതേസമയം എക്സിബിഷൻ ഏരിയ 30% വിസ്തൃതമാക്കിയിട്ടുമുണ്ട്. ഓരോ പ്രദർശകനും വേണ്ടിവരുന്ന ശരാശരി സ്ഥലത്തിന്റെ ആവശ്യകതയും ഇതിനു കാരണമായിട്ടുണ്ട്. 30 രാജ്യങ്ങളിൽ നിന്നായി 600 ഉൽപാദകരും ബ്രാൻഡുകളും അവരുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുകവഴി എച് ജി എച് ഇന്ത്യയെ ഇന്ത്യൻ വിപണിയിൽ ഗൃഹോൽപന്നങ്ങളുടെ ഏറ്റവും വലിയ ട്രേഡ് ഷോകളിലൊന്നാക്കി മാറ്റി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇന്ത്യക്കാരും അന്താരാഷ്ട്ര മേഖലകളിൽ നിന്നുള്ളവരുമായ പ്രദർശകരുടെ എണ്ണത്തിൽ വ്യക്തമായ വർദ്ധനവ് സംഭവിച്ചു.


ഇന്ത്യയിൽ എല്ലായിടത്തുനിന്നുമുള്ള പ്രമുഖ ബ്രാൻഡുകളും ഉൽപാദകരും, അവരിൽ പലരും പതിവായി തങ്ങളുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നവർ, ഏറ്റവും നൂതനമായ പുതുമകളും നവീന ഉൽപന്ന രേഖകളും റീട്ടെയിലർമാർക്കും മൊത്തവ്യാപാരികൾക്കുമായി പലവിധ വ്യാപാരപദ്ധതികളും ആവിഷ്ക്കരിച്ചു. ഹോം ടെക്സ്റ്റൈൽസ്, മെത്തകൾ, ഹൗസ് വെയർ, കരകൗശലങ്ങൾ, ഉപഹാരങ്ങൾ, അലങ്കാര ആക്സസ്സറികൾ എന്നീ രംഗങ്ങളിലെ ഒരുപാട് ഗാർഹിക കമ്പോള പ്രമുഖരും മുഖ്യ കയറ്റുമതിക്കാരും ഇന്ത്യൻ വിപണിയിലേക്ക് പ്രവേശിക്കാൻ അതല്ലെങ്കിൽ നിലവിലെ അവരുടെ കമ്പോള അവസ്ഥ ഏകോപിപ്പിക്കാൻ എച് ജി എച് ഇന്ത്യയെ ഉപയോഗിച്ചു.


തുർക്കി, ചൈന, തായ്‌വാൻ എന്നീ രാജ്യങ്ങളുടെ സമഗ്രമായ പവലിയനുകൾക്കൊപ്പം ഇറ്റലി, ബെൽജിയം, ജർമ്മനി, നെതർലാന്റ്സ്, യു കെ, ഓസ്ട്രിയ, തുർക്കി, റഷ്യ, യു എസ് എ, ജപ്പാൻ, ഓസ്ട്രേലിയ, തായ്ലന്റ്, കൊറിയ, ശ്രീലങ്ക, ബാംഗ്ലാദേശ്, യു എ ഇ എന്നിങ്ങനെ നിരവധി രാജ്യങ്ങളിൽനിന്നുള്ള വ്യക്തിഗത പ്രദർശകരും കൂടിച്ചേർന്നപ്പോൾ അന്താരാഷ്ട്ര പ്രദർശകരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായി. പാചക ഉപകരണങ്ങൾ, അടുക്കള സാമഗ്രികൾ, അടുക്കള ഉപകരണങ്ങൾ, ടേബ്ൾ വെയർ, സ്റ്റോറേജ്, പ്ലാസ്റ്റിക് ഹൗസ് വെയർ ഉൽപന്നങ്ങൾ, ശുചീകരണ ഉൽപന്നങ്ങൾ, ഔട്ട്ഡോർ ഉൽപന്നങ്ങൾ, ഹോം ടെക്സ്റ്റൈൽസ്, ബ്ലൈൻഡുകൾ, മെത്തകൾ, അലങ്കാര ആക്സസ്സറികൾ, കരകൗശലവസ്തുക്കൾ, ഉപഹാരങ്ങൾ, ഫംങ്ഷണൽ, ഹൗസ് ഹോൾഡ് ഉൽപന്നങ്ങൾ എന്നിങ്ങനെയുള്ള തങ്ങളുടെ ഉൽപന്ന വിഭാഗങ്ങളെക്കുറിച്ച് വളരെ തൃപ്തികരമായ ബിസിനസ്സ് പ്രതികരണമാണ് അവർ നൽകിയത്.

ഇതിനുപുറമെ, ഈ അന്താരാഷ്ട്ര ബ്രാൻഡുകളിലും ഉൽപാദകരിലുംപെട്ട ഒരുപാട് ഉൽപന്നങ്ങൾ,




## പ്രദർശക, സന്ദർശക അടിസ്ഥാനം കൂടുതൽ ശക്തിപ്പെടുന്നു

*എച് ജി എച് ഇന്ത്യ അതിന്റെ പ്രദർശകരിലും സന്ദർശകരിലും ഉണ്ടായ വർദ്ധനവിന് തുടർച്ചയായ ഏഴാം വർഷവും സാക്ഷ്യംവഹിച്ചു. തനത് കാറ്റഗറിയിൽ ഇന്ത്യയിലെ അതിവേഗം വളരുന്ന ട്രേഡ്ഷോ ആയി അതിനെ പരിവർത്തിപ്പിച്ചുകൊണ്ട്. മുകളിൽ കൊടുത്തിട്ടുള്ള ചിത്രങ്ങൾ, മുതിർന്ന ഡിസിഷൻ മേക്കർ മാരുടെയും കമ്പോള പ്രമുഖരുടെയും ഇടയിൽ എച് ജി എച് ഇന്ത്യ, ഉപഭോക്താവാകട്ടെ വിൽപനക്കാരാവട്ടെ, കൈവരിച്ച സുശക്തമായ വിപണന നേട്ടത്തെ പ്രതിഫലിപ്പിക്കുന്നതാണ്.*

ഉദാഹരണത്തിന്, ഹോം ടെക്സ്റ്റൈൽസ്, ഗൃഹാലങ്കാര ഉൽപന്നങ്ങൾ, ഫർണിഷിംങ്ങ്സ് ഫാബ്രിക്സ്, വാൾപേപ്പറുകൾ, കാർപെറ്റ്, വുഡൻ ഫ്ളോറിംങ്ങ്, സിന്തറ്റിക് ഫ്ളോറിംങ്ങ്, ഹൗസ് വെയർ, ഗിഫ്ട് കാറ്റഗറികൾ എന്നിവ ഇന്ത്യൻ വിതരണക്കാരിലൂടെയും ബിസിനസ്സ് പങ്കാളികളിലൂടെയും വിജയകരമായി പ്രദർശിപ്പിച്ചു.

## മികച്ച ബിസിനസ്സ് ഫലങ്ങൾ

മികച്ച ഗുണമേൻമയുള്ള ഗൃഹോൽപന്നങ്ങൾക്കുവേണ്ടിയുള്ള ഇന്ത്യൻ ഉപഭോക്താക്കളുടെ അന്വേഷണത്തിന് എച് ജി എച് ഇന്ത്യ 2018 ആധികാരികത നൽകി. ഒരുപാട് റീട്ടെയിലർമാർ മികച്ച ബ്രാൻഡ് മൂല്യമുള്ള ഉന്നത ഗുണമേൻമയുള്ള ഉൽപന്നങ്ങൾ കുറഞ്ഞ വിലയിൽ വിൽക്കുവാൻ സന്നദ്ധരായി. വിലയേറിയ പാചക ഉപകരണങ്ങൾ, വീട്ടുപകരണങ്ങൾ, ഹോം ടെക്സ്റ്റൈൽ, അലങ്കാര ഉൽപന്നങ്ങൾ എന്നിവ വാഗ്ദാനം ചെയ്യുന്ന പ്രാദേശിക, അന്താരാഷ്ട്ര പ്രദർശകർക്ക് അവർ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ മികച്ച പ്രതികരണം ലഭിച്ചു.

പ്രശസ്തമായ ഇന്ത്യൻ ബ്രാൻഡുകൾക്ക് ഇന്ത്യയിലെമ്പാടുനിന്നുമുള്ള അവരുടെ ഡീലർമാരെയും അവരോടൊപ്പമുള്ള ട്രാൻസാക്ട് ബിസിനസ്സുകളെയും മാത്രമല്ല കണ്ടെത്താൻ കഴിഞ്ഞത് മറിച്ച് പ്രാതിനിധ്യമില്ലാത്ത







**ഇന്ത്യയിലെല്ലായിടത്തുമുള്ള 480 നഗരങ്ങളിൽനിന്നും പട്ടണങ്ങളിൽ നിന്നുമുള്ള 34,960 ഗാംഭീര്യമുള്ള വ്യാപാര സന്ദർശകർ**

# 600 ബ്രാൻഡുകളിൽനിന്നുള്ള ഉൽപന്നങ്ങളും 30 രാജ്യങ്ങളിൽനിന്നുള്ള ഉൽപാദകരും

പ്രദേശങ്ങളിൽനിന്ന് ഒരുപാട് പുതിയ വിതരണക്കാരെയും ലഭിച്ചു. അന്താരാഷ്ട്ര പ്രദർശകർക്ക് സുസ്ഥാപിതരായ ഒരുപാട് വിതരണക്കാരുമായും ബ്രാൻഡ് പ്രതിനിധികളുമായും ബന്ധപ്പെടാൻ സാധിച്ചെന്ന് അവർ തറപ്പിച്ചുപറയുന്നു. ഇന്ത്യയിൽ തങ്ങളുടെ കമ്പോള സാന്നിദ്ധ്യം വിപുലീകരിക്കുക എന്ന കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ തങ്ങളുടെ സാന്നിദ്ധ്യം അതീവ വിജയകരമായിരുന്നു എന്ന് അവർ കാണുന്നു. ഒരുപാട് തത്സമയ ഓർഡറുകൾ അവരുടെ പതിവ് വിതരണക്കാരിലൂടെ റീട്ടെയിലർമാർ മുഖേന ട്രേഡ് ഷോകളിൽ സാക്ഷ്യം വഹിച്ചു. അതേസമയം പേരുകേട്ട റീട്ടെയിലർമാരിൽ നിന്നും അതുപോലെ നവാഗതരിൽനിന്നും ട്രയൽ ഓർഡറുകൾ ലഭിച്ചതായും ഒരുപാട് പ്രദർശകർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇന്ത്യക്കാരും വിദേശികളുമായ പ്രദർശകർക്ക് അതീവ സാദ്ധ്യതയുള്ള ഉപയോക്താക്കളുമായും ദീർഘകാല പങ്കാളികളുമായും ഇടപഴകാൻ സാധിച്ചു. അതുവഴി ആഭ്യന്തര ഗൃഹോൽപന്നങ്ങളുടെ വിപണിയിൽ സ്വന്തം പാദമുദ്രകൾ പതിപ്പിക്കാൻ അവർക്ക് സാധിച്ചു.

വിജയകരമായ പരിണിതഫലങ്ങളിൽ പ്രദർശകർ ആവേശഭരിതരായി. അവരിൽ 60% പേർ ഇതിനകംതന്നെ അടുത്ത വർഷത്തെ പ്രദർശനത്തിൽ കൂടുതൽ ഉൽപന്നങ്ങളുമായി പങ്കെടുക്കാൻ ആഗ്രഹം പ്രകടിപ്പിച്ചുകഴിഞ്ഞു. സർവ്വോപരി, ട്രേഡ് ഷോയുടെ ബിസിനസ്സ് കേന്ദ്രീകൃത ആശയം പരിവർത്തനോൻമുഖമായ ഇന്ത്യൻ വിപണിയിലേക്കുള്ള സത്വരവും ഫലപ്രദവുമായ പ്രവേശനം പ്രാപ്തമാക്കുന്നതിൽ വഴിപാകി.

ബെഡ്, ബാത്ത് ലിനൻ, മെത്ത, തലയണകൾ, കാർപെറ്റുകൾ, തറവിരിപ്പുകൾ, ഫർണിഷിംങ്ങ് ഫാബ്രിക്സ്, ടേബ്ൾ ലിനൻ, കിച്ചൺ ലിനൻ, ആക്സസ്സറികൾ, വാൾ പേപ്പറുകൾ, ബ്ലൈൻഡുകൾ, ജനൽ അലങ്കാരങ്ങൾ, ഗൃഹാലങ്കാര ഉൽപന്നങ്ങൾ, പാചക ഉപകരണങ്ങൾ, അടുക്കള ഉപകരണങ്ങൾ, ടേബ്ൾ വെയർ, പൊതുവായ വീട്ടുപകരണങ്ങൾ, സമ്മാനങ്ങൾ, കരകൗശലവസ്തുക്കൾ, സുഗന്ധതൈലങ്ങൾ, സ്പ ഉൽപന്നങ്ങൾ, ബന്ധപ്പെട്ട ഇതര ഗൃഹോൽപന്നങ്ങൾ പോലുള്ള കാറ്റഗറികളിൽ തങ്ങളുടെ വിതരണവും റീട്ടെയിൽ നെറ്റ് വർക്കും മെട്രോ നഗരങ്ങളിലും എ ക്ലാസ്സ് പട്ടണങ്ങളിലും മാത്രമല്ല മറിച്ച് ടയർ II, ടയർ III പട്ടണങ്ങളിലും നഗരങ്ങളിലും വിപുലീകരിക്കുന്നതിന് പ്രദർശകർ എച് ജി എച് ഇന്ത്യ 2018 നെ വിനിയോഗിച്ചു.

8-മത്തെ എച് ജി എച് ഇന്ത്യയുടെ വാർഷിക എഡിഷൻ നിശ്ചയിച്ചിരിക്കുന്നത് 2019, ജൂലൈ 2-4 വരെ ബോംബെ എക്സിബിഷൻ സെന്റർ, മുംബൈയിൽവെച്ചാണ്.

## അടുത്ത അവതരണം

### ജൂലൈ 2-4, 2019
### മുംബൈ

എച് ജി എച് ഇന്ത്യ 2019, ട്രേഡ് ഷോയുടെ അടുത്ത വാർഷിക അവതരണം ആസൂത്രണം ചെയ്തിരിക്കുന്നത് ജൂലൈ 2-4, 2019 ന് ഗ്രിഗോറിയൻ, മുംബൈയിലെ ബോംബെ എക്സിബിഷൻ സെന്ററിൽവെച്ചാണ്, അതേ സ്ഥലം തന്നെ. എന്നത്തേയുംപോലെ, സന്ദർശകർക്കും പ്രദർശകർക്കും കൂടുതൽ പ്രയോജനകരമാകുന്ന വിധത്തിൽ കൂടുതൽ പുതുമകളും നൂതന സവിശേഷതകളും ഈ 8-മത്തെ എച് ജി എച് ഇന്ത്യ ആവിഷ്ക്കാരത്തോട് കൂട്ടിച്ചേർക്കാൻ സംഘാടകർ ആഗ്രഹിക്കുന്നു. സമഗ്രമായ പ്രതികരണങ്ങളിൽ നിന്ന്, അന്താരാഷ്ട്ര പ്രദർശകരുടെ സാന്നിദ്ധ്യം അടുത്ത വർഷത്തെ അവതരണത്തിൽ ഏറെയായിരിക്കുമെന്ന് കരുതാം. പങ്കാളിത്തത്തിന്റെ കൂടുതൽ വിശദാംശങ്ങളും, പ്രദർശകരുടെയും സന്ദർശകരുടെയും അഭിപ്രായങ്ങളും ഉൾപ്പെടെ ഏറ്റവും പുതിയ ഷോ വീഡിയോ ഞങ്ങളുടെ വെബ്സൈറ്റായ website www.hghindia.com ൽ ലഭ്യമാണ്.

## ഇന്ത്യൻ പൈതൃകം പുനസൃഷ്ടിക്കുന്നു





അതീവ നിപുണരായ കലാകാരൻമാരുടെയും കരകൗശലവിദഗ്ദരുടെയും കരങ്ങളാൽ നിർമ്മിതമായ സമൃദ്ധമായ രൂപകൽപനകളും നെയ്ത്ത് പൈതൃകങ്ങളും ലോകത്തിന്റെ പ്രശംസ ഇന്ത്യയ്ക്ക് ഏറെ നേടിക്കൊടുത്തിട്ടുണ്ട്. കരകൗശലവസ്തുക്കൾ, കയർ, ചണം, ഖാദി എന്നീ വിഭാഗങ്ങളിലെ ഇന്ത്യൻ പൈതൃകത്തിന് ഒരു ഉണർവ്വ് നൽകാനാണ് എച് ജി എച് ഇന്ത്യ ഇത്തവണ മുൻകൈ എടുക്കുന്നത്. ഡെവലപ്മെന്റ് കമ്മീഷണർ (ഹാൻഡിക്രാഫ്ട്സ്), മിനിസ്ട്രി ഓഫ് ടെക്സ്റ്റൈൽസ്, ഗവൺമെന്റ് ഓഫ് ഇന്ത്യ,കൂടാതെ ഈ മേഖലകളിലെ ഇതര വ്യാവസായിക സംഘടനകളുടെ കുടക്കീഴിൽ ഒട്ടനവധി ദേശീയ സ്ഥാപനങ്ങളുടെ സഹായത്തോടെ ഒരു കേന്ദ്രീകൃതരീതിയിൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. വിവിധ ഗൃഹോൽപന്നങ്ങളിലെ സങ്കീർണ്ണമായ ഇന്ത്യൻ വൈവിധ്യം പ്രതിഫലിപ്പിച്ച് ഇന്ത്യൻ പൈതൃക വിഭാഗത്തെക്കുറിച്ച് റീട്ടെയിലർമാരിൽ കൗതുകം ജനിപ്പിക്കുകയും പ്രസ്തുത മേഖലയിൽ ഗൗരവതരവും ദീർഘസ്ഥായിയുമായ ബിസിനസ്സ് അവസരം കണ്ടെത്താൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുക.

എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ ഫോർ ഹാൻഡിക്രാഫ്ട്സിന്റെ (EPCH) കുടക്കീഴിലുള്ള ഇന്ത്യൻ ആഭ്യന്തര വിപണിയിൽ ഉയർന്ന ഗുണമേൻമയുള്ള കരകൗശല നിർമ്മാതാക്കൾ അവരുടെ കയറ്റുമതി ശേഖരങ്ങൾ പ്രദർശിപ്പിക്കുകയുണ്ടായി. ഹാൻഡിക്രാഫ്ട്സ് മെഗാ ക്ലസ്റ്റർ മിഷൻ (HMCM), ലക്നൗവിലെ ചികങ്കാരി പണികളുടെ വിവിഎ പണിത്തരങ്ങളുടെ പങ്കാളിത്തം സംഘടിപ്പിച്ചു. ഭുജ് മേഘ മേഖലയിൽനിന്നുള്ള നെയ്ത്തുവിദഗ്ദർ വിഖ്യാതമായ കച്ച് എംബ്രോയിഡറി, തുകൽ പണികൾ, ആർട്ട് മെറ്റൽ വെയർ, ബീഡ് ക്രാഫ്ട്, വീട്ടുതുണിത്തരങ്ങളിലെ റോഗൻ കല, ഹോം ആക്സസ്സറികൾ, ഹൗസ് വെയർ എന്നിവയിൽ ഒരുപാട് വൈവിധ്യങ്ങൾ പ്രദർശിപ്പിച്ചു. കയർ ബോർഡ്, നാഷണൽ ജൂട്ട് ബോർഡ്,COHANDS,കശ്മീർ ചേംബർ ഓഫ് കൊമേഴ്സ്, ഇൻഡസ്ട്രി ആന്റ് ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ്, ഉത്തരഖണ്ഡ് ഗവൺമെന്റ് എന്നിവരും തങ്ങൾക്കു കീഴിലില്ള ഉൽപന്നങ്ങൾ സഹിതം അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് വേണ്ട സംഭാവനകൾ നൽകി.

ഹോം ടെക്സ്റ്റൈൽസിൽ ഖാദിയുടെ നൂതനമായ ആവിഷ്ക്കാരങ്ങൾ രചന സൻസദിലെ വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന ഒരു പ്രത്യേക പവലിയൻ എച് ജി എച് ഇന്ത്യ സ്പോൺസർ ചെയ്തു. വാസ്തുകലകൾ, ഇന്റീരിയർ ഡിസൈൻ, ഫാഷൻ പോലുള്ള മേഖലകളിലെ പ്രസിദ്ധമായ അക്കാഡമിക് സ്ഥാപനമാണ് രചന സൻസദ്. ഡിസൈൻ അറേയിലെ പ്രിൻസിപൽ ആർക്കിടെക്ടായ ശൈലേഷ് പർവാൾക്കറാണ് പവലിയൻ രൂപകൽപന ചെയ്തത്.

ഒട്ടനവധി ദേശീയ അവാർഡ് ജേതാക്കളായ കലാകാരൻമാരെയും കരകൗശല വിദഗ്ദരെയും പങ്കെടുപ്പിച്ചുകൊണ്ട് എച് ജി എച് ഇന്ത്യ സ്പോൺസർ ചെയ്ത പങ്കാളിത്തത്തെ സന്ദർശകർ അങ്ങേയറ്റം പ്രശംസിച്ചു. ലോഹം, മരം, ടെറാകോട്ട എന്നിവയിൽ ഈ കലാകാരൻമാർ തത്സമയം തങ്ങളുടെ വിരുതുകൾ നിർമ്മിച്ചു പ്രകടിപ്പിച്ചു.

## ട്രെൻഡ്സ് 2018 - 19





ഇന്ത്യയിലെ ഗൃഹോൽപന്നങ്ങളുടെ വിപണനത്തിനായുള്ള ട്രെൻഡ്സ് ഫോർ 2018 -19, സെന്ട്രൽ തീമിനു കീഴിൽ, അതായത് # ട്റാൻസിഷനു കീഴിൽ എച് ജി എച് ഇന്ത്യ അവതരിപ്പിച്ചു.

എച് ജി എച് ഇന്ത്യ ട്രെൻഡ്സ് ടീമുമായി ചേർന്ന് സ്റ്റുഡിയോ സഹം + പെർ മാന്റിയർ, ജർമ്മനി ആശയാവിഷ്ക്കാരം നടത്തി നടപ്പിലാക്കിയ ട്രെൻഡ്സ്, പ്രചോദനങ്ങളിലും നിറങ്ങളിലും ഡിസൈനുകളിലും ഇന്ത്യൻ ഗൃഹങ്ങൾക്കുവേണ്ടിയുള്ള പുതിയ ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിലും കണ്ടെത്തുന്നതിലും വ്യക്തമായ പുതിയ ദിശാബോധങ്ങൾ പാകി. സംഘാടകരിൽനിന്ന് ട്രേഡ് ആൻഡ് ഇൻഡസ്ട്രിക്ക് വാങ്ങാവുന്ന ഒരു ട്രെൻഡ്സ് ബുക്കിൽ ഈ പ്രവണതകളെക്കുറിച്ച് സംക്ഷിപ്തമായി വിവരിച്ചിട്ടുണ്ട്. ഈ പ്രവണതകളെക്കുറിച്ച് കൂടുതൽ നന്നായി മനസ്സിലാക്കാനും യഥാർത്ഥ വാണിജ്യ ഉൽപന്നങ്ങളിൽ തങ്ങളുടെ തനത് സാന്നിദ്ധ്യം മനസ്സിലാക്കാനും ഈ ബൃഹത്തായ ട്രെൻഡ്സ് പവലിയൻ സന്ദർശകരെ സഹായിച്ചു.

ഈ വർഷത്തെ നാല് ഉപതീമുകളിൽ (ട്രെൻഡുകളിൽ) ഉൾപ്പെടുന്ന #സൊ.ഫങ്കിഅറ്റ്ഹോം, #സോഫ്റ്റ് ഷേഡ്സ് ഓഫ് നേച്ചർ, #കളക്ടേർസ് ചേംബർ, #സ്മാർട്ട് ബൊഹേമിയൻസ് എന്നിവ ഗൃഹോൽപന്ന ബിസിനസ്സുകളുടെ എല്ലാ മേഖലകളെയും - ഹോം ടെക്സ്റ്റൈൽസ്, ഹോം ഡെക്കർ, ഹൗസ് വെയർ, ഗിഫ്ടുകൾ- പരിപോഷിപ്പിക്കുന്നതാണ്. ട്രെൻഡ്സ് പവലിയനിലേക്ക് ട്രെൻഡ്സ് ടീം തിരഞ്ഞെടുത്ത ഉൽപന്നങ്ങൾ എച് ജി എച് ഇന്ത്യ പ്രദർശകർ പിന്തുടരുന്ന ഉന്നതമായ രൂപകൽപനയുടെയും പുതുമകളുടെയും നിലവാരങ്ങളെ പ്രതിഫലിപ്പിക്കുന്നതാണ്.

## 80% ലേറെ പ്രദർശകർ റിപ്പോർട്ട് ചെയ്ത ഉത്കൃഷ്ടമായ ബിസിനസ്സ് റിപ്പോർട്ടുകൾ

# സന്ദർശകരും പ്രദർശകരും ഒരുപോലെ പ്രകടിപ്പിച്ച അതീവ സംതൃപ്തി

## മുഖ്യാതിഥി



**ഡോ.കവിത ഗുപ്ത,** *ഐ എ എസ്,*
*ടെക്സ്റ്റൈൽ കമ്മീഷണർ,*
*ഗവൺമെന്റ് ഓഫ് ഇന്ത്യ*

"എച് ജി എച് ഇന്ത്യയിലെ എന്റെ മൂന്നാമത്തെ സന്ദർശനമാണിത്. ഏഴാമത് ആവിഷ്ക്കാര സ്മരണോത്സവത്തിന്റെ ഭാഗമായതിലൂടെ ഞാൻ ഏറെ ആദരിക്കപ്പെട്ടിരിക്കുന്നു. ഈ ട്രേഡ് ഷോ അതിന്റെ ആരംഭംതൊട്ടേ ക്രമാനുഗതമായി വികസിച്ചുകൊണ്ടിരിക്കുകയാണ്. ഹോം ടെക്സ്റ്റൈൽസ്, ഹോം ഡെക്കർ, ഹൗസ് വെയർ, ഗിഫ്റ്റ് ഇൻഡസ്ട്രീസ് എന്നിവയുടെ വളർച്ചയെ അതിന്റെ പ്രാരംഭ വർഷം മുതൽ സഹായിച്ചുപോന്നിട്ടുണ്ട്. 600 ആഭ്യന്തരവും ദേശാന്തരവുമായ ബ്രാൻഡുകളും അവയുടെ അനുപമമായ ഉൽപന്നങ്ങളുടെ പ്രദർശനവും ഈ വർഷത്തെ അതിന്റെ വിജയത്തിനുള്ള സാക്ഷ്യപത്രമാണ്."

## സന്ദർശകർ



**വിനോദ് ഖണ്ഡേൽവാൽ**
*ജനറൽ മാനേജർ,*
*ബയിംങ്ങ് ആന്റ് മെർചന്റൈസിംങ്ങ്*
*@home, മുംബൈ*

"എച് ജി എച് ഇന്ത്യ രാജ്യത്തെ വിപണനത്തെ സഹായിക്കുന്ന മഹത്തായ ട്രേഡ് ഷോ ആണ്. പിന്നിടുന്ന ഓരോ വർഷവും അത് കൂടുതൽ വളരുകയാണ്. ഏതൊരു അന്താരാഷ്ട്ര ട്രേഡ് ഷോയുമായും താരതമ്യം ചെയ്യാവുന്ന തലത്തിലേക്ക് ഇന്ന് അത് എത്തിക്കഴിഞ്ഞു. ഒന്നോ രണ്ടോ ദിവസംകൊണ്ട് ഈ ഷോ ചുറ്റിനടന്ന് കാണാമെന്നാണ് ഞാൻ കരുതിയിരുന്നത് എന്നാൽ എനിക്ക് തെറ്റി അതിബൃഹത്തായതും മൂന്ന് ഹാളുകളിലായി ഒരുക്കിയിട്ടുള്ള വൈവിധ്യമാർന്ന ഉൽപന്നങ്ങളുടെ പ്രദർശനവും ഒരുപാട് സമയത്തെ പര്യവേക്ഷണം അനിവാര്യമാക്കുന്നു. ട്രെൻഡ്സ് പവലിയൻ എന്നെ ഏറെ ആകർഷിച്ചു, വ്യവസായ നിലവാരങ്ങളുടെ അങ്ങേയറ്റമാണ് അതെന്ന് എനിക്ക് തോന്നി ഈ വർഷത്തെ അന്താരാഷ്ട്ര പ്രദർശകരുടെ ഉൽപന്നങ്ങളുടെ ഗുണമേൻമയും മഹത്തായ കാഴ്ചയാണ്"



**ഹൻസ് ഉദേശി**
*പ്രസിഡന്റ്,*
*ഹോം ആന്റ് ലിവിംങ്ങ്*
*സ്പാർ ഇന്ത്യ, ബാംഗ്ലൂർ*

"ഓരോ വർഷവും എച് ജി എച് ഇന്ത്യ പുതുമയുള്ള ചിലത് പ്രദർശിപ്പിക്കുന്നത് കാണുക എന്നത് മഹത്തായ അനുഭവമാണ്. B2B ആശയം അതിന്റെ തുടക്കം മുതൽ എന്നെ വല്ലാതെ ആകർഷിച്ചിട്ടുണ്ട്. അന്താരാഷ്ട്ര പ്രദർശകരുടെ എണ്ണം ഈ വർഷം വളരെ വർദ്ധിച്ചിട്ടുണ്ട് കൂടാതെ അന്താരാഷ്ട്ര ഉൽപന്നങ്ങൾക്കൊപ്പം ആഭ്യന്തര ഉൽപന്നങ്ങളുടെ ഗുണനിലവാരവും അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട്.ഈ വർഷത്തെ ഷോയിൽ ഏറ്റവുമധികം ആകർഷകമായി തോന്നിയത് ഹോം ടെക്സ്റ്റൈലുകൾ, ഹോം ഡെക്കർ, ഹൗസ് വെയർ എന്നിവ പ്രവിശാലമായ മൂന്ന് വ്യത്യസ്ത ഹാളുകളിലാക്കി സംവിധാനിച്ചതാണ്. എച് ജി എച് ഇന്ത്യ 2019 നെ പ്രതീക്ഷയോടെ കാത്തിരിക്കുന്നു."



**സുലൈമാൻ ഹിരണി**
*മാനേജിംങ്ങ് ഡയറക്ടർ*
*ദർപ്പൺ ഫർണിഷിംങ്ങ്സ്, ഹൈദരബാദ്*


എച് ജി എച് ഇന്ത്യ 2018 ൽ സന്നിഹിതനാകുന്നതിൽ ഞാൻ നിമഗ്നനാണ്. പ്രാരംഭ എഡിഷൻ മുതൽ അതിന്റെ വളർച്ച ക്രമാനുഗതമായി വർദ്ധിക്കുകയാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഒരു പാട് പുതിയ ഭാഗധേയക്കാർ, കാറ്റഗറികൾ, ഉൽപന്നങ്ങൾ എന്നിവ ഈ വർഷം ഇതിൽ പങ്കുചേർന്നിട്ടുണ്ട്. ഞാനിവിടെ ചിലവഴിക്കുന്ന മൂന്ന് ദിവസങ്ങൾ എന്റെ സ്വന്തം ബിസിനസ്സ് പരമാവധി അഭിവൃദ്ധിപ്പെടുത്താൻ ഉപകരിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. ഏതാനും പ്രദർശകരുമായി ഉറ്റബന്ധം ഞങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ട്രേഡ് ഷോ ഹോം ടെക്സ്റ്റൈൽസ് മേഖലയിൽ ഇത്തരത്തിലുള്ളതിൽ ഏറ്റവും മികച്ചതാണെന്ന് ഞാൻ വ്യക്തിപരമായി വിശ്വസിക്കുന്നു.

## പ്രദർശകർ



**കേവൽ മേത്ത**
*ജനറൽ സെക്രട്ടറി*
*എഐഡബ്ല്യൂ (ഓൾ ഇന്ത്യ വാൾപേപ്പർ കവറിംങ്ങ്സ് അസോസിയേഷൻ)*

"എച് ജി എച് ഇന്ത്യയുടെ പരിണതികളിൽ ഞങ്ങൾ വളരെ സന്തുഷ്ടരാണ്, പ്രത്യേകിച്ച് ഈ വർഷം. കഴിഞ്ഞ ആറ് വർഷങ്ങളായി ഞങ്ങളുടെ സഹവർത്തിത്തത്തിലൂടെയാണ് ഞങ്ങളിരുവരും വികാസം പ്രാപിച്ചതെന്ന് എനിക്ക് തോന്നുന്നു. മുപ്പതിലേറെ ബ്രാൻഡുകൾ AIWA ലൂടെ ഈ വർഷം ഞങ്ങൾ പ്രദർശിപ്പിക്കുന്നുണ്ട്. കൂടുതൽ വളർച്ച വരും വഷങ്ങളിൽ ഞാൻ കാണുന്നു. ഈ വർഷത്തെ ട്രെൻഡ്സ് പവലിയൻ എന്നെ വല്ലാതെ ആകർഷിച്ചു. വാസ്തവത്തിൽ, ഈ ട്രെൻഡുകളിൽ ചിലത് ഡിസ്പ്ലേയിലുള്ള ഞങ്ങളുടെ ഉൽപന്നങ്ങളിലേക്ക് ഞങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. എച് ജി എച് ഇന്ത്യ 2019 ലേക്ക് ഞാൻ ഉറ്റുനോക്കുന്നു."



**രാജേഷ് മഹാജൻ**
*മാനേജിംങ്ങ് ഡയറക്ടർ - മസ്പാർ*

2012 ൽ അതിന്റെ ആരംഭം തൊട്ടേ ഞങ്ങൾ എച് ജി എച് ഇന്ത്യയോടൊപ്പമുണ്ട്. ഇനിയും അതിന്റെ ഭാഗമാകുന്നതിൽ ഞങ്ങൾ സന്തുഷ്ടരുമാണ്. ഈ മൂന്ന് ദിവസങ്ങളിലും ഞങ്ങളുടെ ഉൽപന്നങ്ങളോടുള്ള പ്രതികരണം ഗംഭീരമായിരുന്നു. ഓരോ വർഷവും, ഇന്ത്യയിലെ വ്യത്യസ്ത നാടുകളിൽനിന്നും നഗരങ്ങളിൽനിന്നും പട്ടണങ്ങളിൽ നിന്നുമുള്ള റീട്ടെയിലർമാരെയും ട്രേഡ് ബയർമാരെയും കണ്ടുമുട്ടുന്നതിൽ ഞങ്ങൾ ഉത്സുകരാണ്. എന്റെ അഭിപ്രായത്തിൽ, ഈ ലക്ഷ്യം കൈവരിക്കാനുള്ള ഏറ്റവും വിശിഷ്ടമായ പ്ലാറ്റ്ഫോമാണിത്. ഈ വ്യവസായം കൂടുതൽ വളരുകയാണെന്ന് ഞാൻ വിശ്വസിക്കുന്നു അതിനാൽ ഞങ്ങളുടെ പുതിയ ആശയങ്ങളും ഉൽപന്നങ്ങളും പ്രദർശിപ്പിക്കുവാൻ ഞങ്ങൾക്ക് നിരന്തരമായി അവസരം നൽകുന്നതിൽ, ട്രേഡ് ഷോയുടെ ഈ മൂന്ന് ദിവസങ്ങളിലും സന്ദർശകരുമായി ഉറ്റബന്ധം ശക്തിപ്പെടുത്തുന്നതിന് ഞാൻ എച് ജി എച് ഇന്ത്യയോട് നന്ദിയുള്ളവനാണ്.



**പ്രതാപ് മേനോൻ**
*ഡയറക്ടർ - മാർഷൽസ്*

"കഴിഞ്ഞ ആറേഴ് വർഷങ്ങളായി ഞങ്ങൾ എച് ജി എച് ൽ ഉൽപന്നങ്ങൾ പ്രദർശിപ്പിച്ചു-വരുന്നു. ഓരോ വർഷവും ഈ സഹവർത്തിത്വം കൂടുതൽ കരുത്തോടെ വളരുകയാണ്. ഗുണമേൻമയുള്ള സന്ദർശകരുടെ ബൃഹത്തായ പ്രവാഹത്താൽ ഈ വർഷം ഞങ്ങൾക്ക് പ്രത്യേകം ഗുണകരമായിരുന്നു. ഓരോ വർഷവും എച് ജി എച് ഇന്ത്യയിൽ ഒരു പുതിയ കാറ്റലോഗ് ഞങ്ങൾ പ്രദർശിപ്പിക്കുന്നു കാരണം, ഞങ്ങളുടെ പ്രയത്നങ്ങൾ അവതരിപ്പിക്കാനുള്ള ഏറ്റവും വിശിഷ്ടമായ സ്ഥലം ഇതാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഈ വർഷംതന്നെ ഞങ്ങളുടെ വാൾപേപ്പർ ശ്രേണിയിലെ നൂതനമായ 25 വ്യത്യസ്ത കാറ്റലോഗുകൾ ആവിഷ് ക്കരിച്ചിട്ടുണ്ട്."



**ജയന്ത് മോർ**
*മാനേജർ, സെയിൽസ് - സെല്ലോ*

"എച് ജി എച് ഇന്ത്യയുമായി ഇത് ഞങ്ങളുടെ മൂന്നാമത്തെ കൂട്ടായ പ്രയത്നമാണ്. ഈ വർഷത്തെ പ്രതികരണം ഉജ്ജ്വലമായിരുന്നു.ഇത് ഏറെ സംക്ഷിപ്തമാണെന്ന് എനിക്ക് തോന്നുന്നു, പ്രത്യേകിച്ച് ഉൽപന്ന വിഭാഗങ്ങളുടെ വേർതിരിവിൽ. വ്യക്തിപരമായ അഭീഷ്ടങ്ങളുള്ള ഉപഭോക്താക്കൾക്ക് ഉൽപന്നങ്ങൾക്കിടയിലൂടെയുള്ള പര്യവേക്ഷണം അയത്നലളിതമായ പ്രക്രിയയായിരിക്കും.വ്യത്യസ്ത മേഖലകളിൽനിന്നും സ്ഥലങ്ങളിൽനിന്നുമുള്ള സന്ദർശകരുടെ സങ്കലനമാണ് നമുക്കുള്ളത്, അതായത്, B2B, ഇ-കൊമേഴ്സ്, പൊതുവായ വ്യാപാരം എന്നിങ്ങനെ. ഇവിടത്തെ പങ്കാളിത്തം വ്യാപാരികൾക്ക് മഹത്തായ അവസരമായി മാറുന്ന വിശിഷ്ടമായ ബ്രാൻഡ് മൂല്യം എച് ജി എച് ന് ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു."



**അമിതാഭ് ശുക്ല**
*ബിസിനസ്സ് ഹെഡ് - ബെർഗനർ*

"ഈ വർഷം ബെർഗനർക്ക് ലഭിച്ച സന്ദർശകർ അതിബൃഹത്തായിരുന്നു. കഴിഞ്ഞ വർഷത്തേക്കാൾ വളരെയധികം. എച് ജി എച് ഇന്ത്യയുടെ പ്രാരംഭം മുതൽ അതിന്റെ നിരന്തരമായ വളർച്ചയ്ക്ക് ഞാൻ സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഏതാനും വർഷങ്ങൾക്കു മുമ്പ് മൂന്നോ നാലോ ബൂത്തുകളിൽ തുടങ്ങി ഈ വർഷം ഹൗസ് വെയറുകൾക്കും ഗിഫ്ടുകൾക്കുമായി വലിയ ഹാളുകൾ സംവിധാനിച്ചിരിക്കുന്ന അതിന്റെ വളർച്ച തികച്ചും മികച്ചതാണ്. ഈ വർഷം, കനത്ത മഴയുണ്ടായിട്ടും ഒന്നാം ദിവസം ഞങ്ങൾക്ക് ലഭിച്ച പ്രതികരണം അതിവിശിഷ്ടമായിരുന്നു. എച് ജി എച് ഇന്ത്യയുമായി സുദീർഘമായ സഹവർത്തിത്വത്തിന് ഞാൻ ഉറ്റുനോക്കുന്നു."



**രജനീഷ് അറോറ**
*വൈസ് ചെയർമാൻ, ഡിസി ടെക്സ്*

"എച് ജി എച് ഇന്ത്യയിൽ ഓരോ വർഷവും വരുന്ന സന്ദർശകരുടെ ഗുണമേൻമയിലെ അഭിവൃദ്ധി ഞാൻ നിരീക്ഷിച്ചിട്ടുണ്ട്. കനത്ത മഴയുണ്ടായിട്ടും ഈ വർഷവും പ്രതികരണം ആശ്ചര്യപ്പെടുത്തുന്നതായിരുന്നു. ഇത് എച് ജി എച് ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന ജനസമ്മതിയും മൂല്യവുമാണ് പ്രതിഫലിപ്പിക്കുന്നത്.ഓരോ വർഷവും ഇതോടൊപ്പം നിന്ന് ഇതിനെ പിന്തുണയ്ക്കണമെന്ന വസ്തുതയെക്കുറിച്ച് നമ്മെ കൂടുതൽ ബോധവാൻമാരാക്കുന്നു. ഇതിനുപുറമെ എച് ജി എച് ഇന്ത്യ എന്നത്തേയും പോലെ ഇത് ഗംഭീര വിജയമാക്കുന്നതിന് വളരെ നന്നായി ഈ ജോലി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ഹോം ടെക്സ്റ്റൈൽസിൽ അതായത് ഹാൾ 1 ൽ പ്രദർശകരുടെ വർദ്ധനവാണ് ഞാൻ ഉറ്റുനോക്കുന്നത് കാരണം 2,3 ഹാളുകളിലാണ് ഇപ്പോൾ ഞാൻ വർദ്ധനവ് കാണുന്നത്.സന്ദർശകരുടെ സേവനങ്ങൾപോലും മഹത്തരമാണ് അതിന് എച് ജി എച് ഇന്ത്യ പ്രശംസയർഹിക്കുന്നു."



**നിതിൻ ഗുപ്ത**
*എക്സിക്യൂട്ടീവ് ഡയറക്ടർ - സ്പ്രിംങ്ങ്ഫിറ്റ്*

"എച് ജി എച് ഇന്ത്യയുടെ ബൃഹത്തായ വളർച്ചയ്ക്ക് അതോടൊപ്പം ഓരോ വർഷവും ഇവിടെവരുന്ന ഗുണഭോക്താക്കളുടെ ഗുണമേൻമയിലെ അഭിവൃദ്ധിക്കും ഞാൻ സാക്ഷ്യംവഹിച്ചിട്ടുണ്ട്. ഓരോ വർഷവും രേഖപ്പെടുത്താവുന്ന ഗുണഭോക്താക്കളുടെ ആകർഷകമായ വർദ്ധനവ് കാരണമായി ഏതൊരു പ്രദർശകനും അവരുടെ പുതിയ ശേഖരങ്ങളും വൈവിധ്യങ്ങളും ആവിഷ്ക്കരിക്കാനുള്ള അനുയോജ്യമായ ഇടമാണിതെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ വർഷം, ഞങ്ങളുടെ ഓട്ടോഗ്രാഫ് ശേഖരം ഒരു നൂതന ബ്രാൻഡ് കാറ്റലോഗ് സഹിതം ഇവിടെ ഞങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഞങ്ങളുടെ മറ്റു ഉൽപന്നങ്ങളോടെന്നപോലെ ഇതിനോടുമുള്ള ആളുകളുടെ പ്രതികരണം, എച് ജി എച് ഇന്ത്യ 2019ലും പങ്കുകൊള്ളാൻ പാകത്തിൽ ഞങ്ങളെ ആവേശം കൊള്ളിക്കുന്നതായിരുന്നു."



**പ്രദീപ് കുമാർ**
*സിഇഒ എച്എംസിഎം*
*(ഹാൻഡിക്രാഫ്ട് മെഗാ ക്ലസ്റ്റർ മിഷൻ)*

"ഇത് മഹത്തായ ഒരു ട്രേഡ് ഷോ ആണ്. ഏതെങ്കിലും ഒരു വിഭാഗത്തിന്റെ ഭാഗമായി പ്രദർശിപ്പിച്ചിട്ടും, അതായത് ചെറുകിട കലാകാരൻമാരുടെ കരകൗശലവസ്തുക്കൾ, സർവ്വതിനും ലഭിച്ച പ്രതികരണം പ്രോത്സാഹനജനകമായിരുന്നു.അതിനാൽ ഈ സംരംഭത്തെ ഞങ്ങൾ ഞങ്ങളുടെ ബഹുമുഖ കരകൗശലവസ്തുക്കൾ, ബൃഹത്തായ ഹോം ടെക്സ്റ്റൈലുകളുടെയും ഹോം ഡെക്കർ ഇനങ്ങളുടെയും ഭാഗമായി പ്രദർശിപ്പിക്കുന്നതിനുവേണ്ടി വിനിയോഗിക്കുന്നതിൽ അതുവഴി എച് ജി എച് ഇന്ത്യയിലൂടെ ഈ മേഖലയ് ക്ക് ഉണർവ്വ് നല്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ്."

**കൂടുതൽ വിവരങ്ങൾക്ക്: www.hghindia.com ■ ടെലിഫോൺ. മുംബൈ: +91 22 2421 4111 ■ ഡൽഹി:+91 11 2571 4111 ■ ഇ-മെയിൽ: info@hghindia.com**